


ഭക്ഷണം കഴിക്കാൻ പണമില്ലാത്തവർക്ക് സൗജന്യമായി ഭക്ഷണം നല്കുന്ന പദ്ധതിയാണ് അക്ഷയ പാത്രം പദ്ധതി. വടകര ട്രാഫിക് പൊലീസ് യൂണിറ്റിന് സമീപം തയ്യാറാക്കിയ പ്രത്യേകം കാബിനിലാണ് ഭക്ഷണം എത്തിച്ച് നൽകുക. ആവശ്യമുള്ളവർക്ക് ഇവിടെയത്തി ഭക്ഷണപൊതികൾ എടുക്കാം. ഭക്ഷണം ചൂടാറാതെ നൽകാൻ വേണ്ടി ഫുഡ് ചില്ലർ സ്ഥാപിച്ചിട്ടുണ്ട്.



അത്താഴക്കൂട്ടം ഫെയ്സ്ബുക്ക് കൂട്ടായ്മ എല്ലാ ദിവസവും ഭക്ഷണം എത്തിച്ച് നൽകുക. ഡി.വൈ.എസ് .പി സദാനന്ദൻെറ നേതൃത്വത്തിലുള്ള മോണിറ്ററിംഗ് കമ്മിറ്റിയാണ് പദ്ധതിയുടെ നടത്തിപ്പ് ചുമതല. നഗരസഭാ ചെയർമാൻ കെ ശ്രീധരൻ പദ്ധതിയുടെ ഉദ്ഘാടനം നിർവഹിച്ചു. റൂറൽ ജില്ലാ പോലീസ് മേധാവി ശ്രീ യു.അബ്ദുൾ കരീം IPS അവർകൾ സന്നിഹിതനായിരുന്നു.